☎: General: 0471- 2312910, 2318153, 2318154, 2318155 Chairman: 2318150 Member Secretary: 2318151
E-mail: ms.kspcb@gov.in FAX: 0471 - 2318134, 2318152 web: www.keralapcb.nic.in

KERALA STATE POLLUTION CONTROL BOARD
കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
Pattom P.O., Thiruvananthapuram – 695 004
പട്ടം പി.ഒ., തിരുവനന്തപുരം - 695 004

നം. പിസിബി/എച്ച്ഒ/സർക്കുലർ-01/03/2017/എ തീയതി: 10/10/2017

## സർക്കുലർ

വിഷയം: ബോർഡിന്റെ സ്ഥാപനാനുമതി/പ്രവർത്തനാനുമതിക്കുള്ള കാലാവധി നീട്ടുന്നത് സംബന്ധിച്ച്.
സൂചന: 29/08/2017 ലെ 203-ാമത് ബോർഡ് മീറ്റിംഗ് തീരുമാനം.

നിലവിൽ ബോർഡ് നൽകിവരുന്ന സ്ഥാപനാനുമതിയുടെയും പ്രവർത്തനാനുമതിയുടെയും കാലാവധി 3,6,9 വർഷമാണ്. എന്നാൽ ഇപ്പോൾ ദേശീയതലത്തിൽ അനുമതിപത്രങ്ങളുടെ കാലാവധി 5, 10, 15 വർഷമായി ഉയർത്തിയിരിക്കുന്നു. സർക്കാരിന്റെ Ease of Doing Business പദ്ധതി അനുസരിച്ച് കാലാവധി ഈ രീതിയിൽ കൂട്ടി നൽകണമെന്ന് സർക്കാരിനു വേണ്ടി വ്യവസായ വകുപ്പും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയം 203-ാമത് ബോർഡ് മീറ്റിംഗിൽ വിശദമായി ചർച്ച ചെയ്തു. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ ബോർഡ് നൽകിവരുന്ന അനുമതിയുടെ കാലാവധി ചുവപ്പ്, ഓറഞ്ച്, പച്ച കാറ്റഗറിയിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും യഥാക്രമം 5, 10, 15 വർഷങ്ങൾ എന്നിങ്ങനെ കാലാവധി ഉയർത്തി സ്ഥാപന ഉടമകൾ ആവശ്യപ്പെടുന്ന പ്രകാരം ഒരു ടേം രണ്ട് ടേം മൂന്ന് ടേം എന്നീ കാലാവധികളോടെ അനുമതി പത്രം നൽകുവാൻ ബോർഡ് തീരുമാനിച്ചു. ഈ സർക്കുലർ 01.11.2017 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

ഒപ്പ്/-
**ചെയർമാൻ**

സ്വീകർത്താവ്

1. എല്ലാ മേഖലാ/ജില്ലാ ആഫീസ് മേധാവികൾക്കും
2. ഹെഡ് ഓഫീസിലെ എല്ലാ ടെക്നിക്കൽ ഓഫീസർമാർക്കും
3. IT Cell (ബോർഡിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
4. ചെയർമാന്റെയും മെമ്പർ സെക്രട്ടറിയുടെയും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
5. സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

Sheelay

**സീനിയർ എൻവയൺമെന്റൽ എഞ്ചിനീയർ - 2**